## പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2158 11.02.2020 ൽ മറുപടിക്ക്

### ആരോഗ്യവകുപ്പിലെ സ്റ്റാഫ് പാറ്റേൺ

| ചോദ്യം<br><br>ശ്രീ.റോഷി അഗസ്റ്റിൻ<br>ഡോ.എൻ. ജയരാജ് | | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | 1961-ൽ നിലവിൽവന്ന ആരോഗ്യവകുപ്പിലെ സ്റ്റാഫ് പാറ്റേണിന് സമഗ്രമായ ഒരു മാറ്റം വരുത്താൻ കഴിഞ്ഞിട്ടില്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | 2008-ൽ സ്റ്റാഫ് പാറ്റേണിൽ എന്തെല്ലാം ഭേദഗതികളാണ് കൊണ്ടുവന്നിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) | ആരോഗ്യ വകുപ്പിൽ നിലവിലുള്ള സ്റ്റാഫ് പാറ്റേൺ 1961 ലാണ് നിലവിൽ വന്നത്. ആരോഗ്യ രംഗത്ത് പിന്നീട് ആധുനികവും നൂതനവുമായ വിവിധ ചികിത്സ വിഭാഗങ്ങൾ ആരംഭിക്കുകയുണ്ടായി. അതിനുശേഷം 06.11.2008 ലെ ജി.ഒ.(എം.എസ്)568/08 പ്രകാരം 2008 ൽ ഈ ഉത്തരവ് ഭേദഗതി വരുത്തിയിട്ടുള്ളതുമാണ്. നിലവിൽ ആർദ്രം മിഷന്റെ ഭാഗമായി വിവിധ വിഭാഗം ആരോഗ്യ സ്ഥാപനങ്ങളിൽ നിശ്ചിത മാനദണ്ഡങ്ങളോടെ സ്റ്റാഫ് പാറ്റേണിലുള്ള മാറ്റങ്ങളടക്കം സൗകര്യങ്ങൾ ക്രമീകരിക്കുന്നതിനാണ് ഈ സർക്കാർ മുൻതൂക്കം നൽകിവരുന്നത്. ആയതിന്റെ ഭാഗമായി സർക്കാർ ആശുപത്രികളെ രോഗീസൗഹൃദമാക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ആവശ്യമായ തസ്തികകൾ സൃഷ്ടിച്ച് ചികിത്സാ സേവനം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതിയായ ആർദ്രം പദ്ധതി മുഖേന മികച്ച രീതിയിൽ പുരോഗമിച്ചു വരികയാണ്. ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തിയ സ്ഥാപനങ്ങളിലെ സ്റ്റാഫ് പാറ്റേൺ പരിഷ്കരിച്ച് നിയമനം നടത്തി വരികയാണ്. |
| (സി) | നിലവിൽ സർക്കാർ ആവിഷ്കരിച്ചിട്ടുള്ള ആർദ്രം മിഷൻ മുഖേന ഓരോ സ്ഥാപനത്തിലും ഉണ്ടായിരിക്കേണ്ട | (സി) | കുടുംബാരോഗ്യ കേന്ദ്രങ്ങളിലെ തസ്തികകളും സേവനങ്ങളും അടക്കമുള്ള കാര്യങ്ങളെക്കുറിച്ചും താലൂക്ക്തല ആശുപത്രികളിലെ |

| | | | |
|---|---|---|---|
| | ആശുപത്രികളേയും സേവനങ്ങളെയും സംബന്ധിച്ച് നിശ്ചിത മാനദണ്ഡങ്ങൾക്ക് രൂപം നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | | സേവനങ്ങളെക്കുറിച്ചുമുള്ള ഉത്തരവുകൾ ഇറങ്ങിയിട്ടുണ്ട്. ജില്ലാ ജനറൽ സ്പെഷ്യാലിറ്റി വിഭാഗം ആശുപത്രികളിലെ സേവനങ്ങളെക്കുറിച്ചുള്ള മാർഗ്ഗരേഖകൾ തയ്യാറാക്കി വരുന്നുണ്ട്. |
| (ഡി) | 1961-ൽ നിലവിൽ വന്ന ആരോഗ്യവകുപ്പിലെ സ്റ്റാഫ് പാറ്റേണിൽ കാലാനുസൃതമായ മാറ്റം വരുത്താൻ 2020-21 സാമ്പത്തിക വർഷത്തിൽ തന്നെ നടപടി സ്വീകരിക്കാൻ കഴിയുമോയെന്ന് വ്യക്തമാക്കാമോ? | (ഡി) | ഓരോ വിഭാഗം ആശുപത്രികളിൽ ഉണ്ടായിരിക്കേണ്ട സേവനങ്ങളെക്കുറിച്ചുള്ള മാർഗ്ഗരേഖകൾ തയ്യാറാക്കി വരുന്നുണ്ട്. |

Hari

സെക്ഷൻ ഓഫീസർ